LIBRARY ARCHIVES Kerala Legislative Assembly

ജന്മിഭോഗം, അർദ്ധപലിശ, കരത്തിൽ ചെലവ് എന്നിവ നിർത്തൽ ചെയ്യുന്നതിനുള്ള നിയമനിർമ്മാണം

87 [2146] ശ്രീ. തോമസ് ഉണ്ണിയാടൻ:
„ ജോസഫ് എം. പുതുശ്ശേരി:
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. സ്റ്റീഫൻ ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ ജന്മിമാർക്ക് സംസ്ഥാന സർക്കാർ നൽകിവന്നിരുന്ന ജന്മിഭോഗം, അർദ്ധപലിശ, കരത്തിൽ ചെലവ് എന്നിവ നഷ്ടപരിഹാരം നൽകി നിർത്തൽ ചെയ്യുന്നതിനുള്ള നിയമനിർമ്മാണം ഏത് ഘട്ടത്തിലാണെന്ന വിവരം വെളിപ്പെടുത്തുമോ;

(ബി) ഇവ നിർത്തൽ ചെയ്യുമ്പോൾ പകരമുള്ള നഷ്ടപരിഹാരം നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) ഈ പ്രക്രിയ സാമൂഹ്യ വ്യവസ്ഥിതിയൽ ഉണ്ടാക്കുന്ന ഗുണഫലങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ, ബി ആന്റ് സി) 2002-ലെ അർദ്ധപലിശയും ജന്മിഭോഗവും കരത്തിൽ ചെലവും (നിർത്തലാക്കൽ) (ബിൽ നമ്പർ 89) എന്ന പേരിൽ ഒരു ബിൽ പ്രസിദ്ധപ്പെടുത്തി. ടി ബിൽ ഇതുവരെ നിയമസഭയിൽ അവതരിപ്പിച്ചിട്ടില്ല. ഇത് സംബന്ധിച്ച വ്യവസ്ഥകളെല്ലാംതന്നെ ബില്ലിൽ ഉണ്ട്.

ജില്ലാതല അത്യാഹിത മാനേജ്മെന്റ് സമിതികൾ

88 [2147] ശ്രീ. ടി. കെ. ദേവകുമാർ:
„ കെ. വി. കുഞ്ഞിരാമൻ:
„ വി. കെ. സി. മമ്മത്കോയ:
„ പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിക്ഷോഭങ്ങൾ നേരിടുന്നതിനുള്ള സംസ്ഥാനത്തിന്റെ തയ്യാറെടുപ്പ് മെച്ചപ്പെടുത്തുന്നതിന് സമഗ്രമായ ജില്ലാതല അത്യാഹിത മാനേജ്മെന്റ് സമിതികൾ ജില്ലാ ഭരണകൂടങ്ങൾ തയ്യാറാക്കുന്നതാണെന്ന 2001-02-ലെ ബഡ്ജറ്റ് വാഗ്ദാനം നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിരുന്നു;

(ബി) ഈ പദ്ധതിയിൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിരുന്നത്;

(സി) ഈ പദ്ധതി നടപ്പാക്കിയില്ലെങ്കിൽ അതിനുള്ള കാരണമെന്തെന്ന് വിശദമാക്കാമോ?

ഉത്തരം

(എ, ബി ആന്റ് സി) പ്രകൃതിക്ഷോഭങ്ങൾ നേരിടുന്നതിനുള്ള തയ്യാറെടുപ്പ് മെച്ചപ്പെടുത്തുന്നതിന് മിക്കവാറും ജില്ലകളിലും ജില്ലാകളക്ടർ ചെയർമാനായി ജില്ലാതല കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ജില്ലാതല ഡിസാസ്റ്റർ മാനേജ്മെന്റ് കമ്മിറ്റികൾ നിലവിലുള്ള ആക്ഷൻ പ്ലാൻ പരിഷ്കരിച്ച് വിശദമായ ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതിനായി താലൂക്ക് തലത്തിലും ജില്ലാതലത്തിലും യോഗങ്ങൾ സംഘടിപ്പിക്കുകയും ബന്ധപ്പെട്ട വകുപ്പുകളുടെ ജില്ലാതല ഓഫീസർമാരെത്തന്നെ പങ്കെടുപ്പിക്കുന്നുമുണ്ട്. അതാത് പ്രദേശത്തെ ദുരന്തങ്ങളുടെ ചരിത്രപരമായ വസ്തുതകൾ ശേഖരിച്ചുകൊണ്ട് നാശനഷ്ടങ്ങളുടെ വിവരങ്ങളടങ്ങുന്ന രേഖകളും നിവാരണമാർഗ്ഗങ്ങളും ദുരന്തത്തെ ഫലപ്രദമായി നേരിടുന്നതിന് ജില്ലാതല പ്ലാൻ തയ്യാറാക്കുക എന്നിവ ഈ സമിതികളുടെ ലക്ഷ്യങ്ങളാണ്. ജില്ലകളിലെ എല്ലാ വകുപ്പുതലവൻമാരെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള കമ്മിറ്റി അത്യാഹിതങ്ങൾ നേരിടുന്നതിനും മുൻകരുതലുകൾ സ്വീകരിക്കുന്നതിനും ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നുമുണ്ട്.

തിരുവനന്തപുരം നഗരത്തിൽ റോഡുവികസനത്തിന് ഭൂമി

89 [2150] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിലെ ഉള്ളൂർ-ആക്കുളം, കുഴിവിള, മണ്ണന്തല-കേശവദാസപുരം റോഡുകളുടെ വികസനത്തിനായി എത്ര സെന്റ് സ്ഥലം ഇതേവരെ ഏറ്റെടുത്തുവെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത റോഡുകളുടെ നിർമ്മാണത്തിന് ഇനി എത്ര സെന്റ് ഭൂമിയാണ് ഏറ്റെടുക്കേണ്ടതെന്ന് അറിയിക്കാമോ;

(സി) ഏറ്റെടുക്കാൻ അവശേഷിക്കുന്ന സ്ഥലം ഫാസ്റ്റ് ട്രാക്ക് സംവിധാനത്തിലൂടെ ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉള്ളൂർ-ആക്കുളം, കുഴിവിള റോഡിനുവേണ്ടി 0.30.47 ഹെക്ടറും മണ്ണന്തല-കേശവദാസപുരം റോഡിനുവേണ്ടി 0.45.30 ഹെക്ടർ സ്ഥലവും ഇതേവരെ ഏറ്റെടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly